ശ്രീ. ഈ. പി. ഗോപാലൻ : സ്റ്റേറ്റു റീ ഓർഗനൈസേഷനു മുമ്പു മലബാർ ഭാഗത്തുനിന്നും മീററർചാജ്ജു് ആദ്യമേ ഈടാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും അവരിൽനിന്നും ഓരോ രൂപ വീതം വസൂലാക്കുന്നുണ്ടു്. അതു് ശരിയാണോ ? അതിനെക്കുറിച്ചു് വല്ല ആക്ഷേപവും ഗവണ്മെൻറിലേക്കു് കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെപ്പററി പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആക്ഷേപം കിട്ടിയിട്ടുണ്ടോയെന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

പുറമ്പോക്കു് കൈവശക്കാക്കു പതിച്ചുകൊടുത്ത ഭൂമി

* 891. [4] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽഎത്ര ഏക്കർ പുറമ്പോക്കു് കൈവശക്കാക്കു് ഓരോ ജില്ലയിലും പതിച്ചുകൊടുക്കുകയുണ്ടായി ;

(ബി) എറണാകുളം ജില്ലയിൽപെട്ട തൃക്കാക്കര നോർത്തു്, സൗത്തു് വില്ലേജുകളിലെ പുറമ്പോക്കു് പതിച്ചുകൊടുക്കുന്നതിനുള്ള സ്റ്റേ പിൻവലിക്കാൻ നടപടിയെടുക്കുമോ ;

(സി) വളരെ വർഷങ്ങളായി പുറമ്പോക്കിൽ താമസിച്ചുപോരുന്നവരുടെ ദേഹണ്ഡങ്ങളും അവക്കു് കൊടുക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(ഡി) തൃക്കാക്കര സൗത്തു് വില്ലേജിൽ ഇലക്ട്രിസിററി വകുപ്പുകാർ വെട്ടിമാററിയ വൃക്ഷങ്ങൾക്കുള്ള വില കൈവശക്കാരായ പുറമ്പോക്കു താമസക്കാക്കു് കിട്ടണമെന്നുകാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

(എ) ആകെ 3042 ഏക്കർ 68 സെൻറു 764 ച. ലിംഗ്സ്. †

(ബി) ഈ ജില്ലയിലെ വർദ്ധിച്ചു വരുന്ന വ്യാവസായിക പുരോഗതിക്കുവേണ്ടി ദിനം പ്രതി കൂടുതൽ കൂടുതൽ സ്ഥലങ്ങളും പൊതുആവശ്യത്തിലേയ്ക്കു് വേണ്ടിയിരിക്കുന്നതിനാൽ എറണാകുളം ടൗണിൽ നിന്നും 20 മൈൽ ചുററളവിൽ ഭൂമി കളക്ടറുടെ സമ്മതം കൂടാതെ പതിച്ചുകൊടുക്കരുതെന്നു കളക്ടർ നിദ്ദേശം നൽകിയിട്ടുണ്ടു്. ഈ നിർദ്ദേശം പിൻവലിക്കുന്നതു് ഇപ്പോഴും ശരിയല്ല.

(സി) ലാൻറു് അസൈൻമെൻറു മൂലം പ്രകാരം അർഹതയുള്ള കൈവശക്കാരുടെ പക്കൽനിന്നും അവർ നട്ടുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങളുടെയും മറ്റും വില ഈടാക്കുന്നതല്ല.

(ഡി) ഉണ്ടു്.

(ഈ) പ്രതിഫലം ആവശ്യപ്പെടുവാൻ തക്ക സർട്ടിഫിക്കറു നൽകണമെന്നു് നാലു് അപേക്ഷകരും താലൂക്കു് ആഫീസിൽ ലഭിച്ചിട്ടുണ്ടു്. അപേക്ഷകർ പുറമ്പോക്കു് സ്ഥലം കയ്യേറിയവരായതുകൊണ്ടു് ടി സ്ഥലത്തുള്ള വൃക്ഷങ്ങളോ, വൃക്ഷങ്ങളുടെ പ്രതിഫലമോ അവക്കു് കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പത്തു് നാല്പതു്വർഷങ്ങളായി അവിടെ താമസിക്കുന്ന ഹരിജനങ്ങളുണ്ടു്. അവരുടെ കാര്യത്തിൽ മറു എല്ലാഭാഗത്തുനിന്നും ഒഴിപ്പിക്കുമ്പോഴും ചെയ്യുന്നതുപോലെ അവരുടെ ദേഹണ്ഡങ്ങൾക്കു് പ്രതിഫലം കൊടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ: വൃക്ഷങ്ങളുടെ പ്രതിഫലം കൊടുക്കുന്നതിനെ സംബന്ധിച്ചു് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് ഗവണ്മെൻറിൽനിന്നും പ്രവർത്തിക്കുന്നതാണു്. അതിനു് വിരുദ്ധമായി എന്തെങ്കിലും ചെയ്യാൻ തയാറില്ല.

†Appendix I.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: 1963–64–ൽ വളരെകുറച്ചു മാത്രമേ ഭൂമി വിതരണം ചെയ്തിട്ടുള്ളുവെന്നാണ് ഇവിടെ പറഞ്ഞ ഉത്തരത്തിൽനിന്നും മനസിലാകുന്നത്. എന്താണ് ഭൂവിതരണത്തിൽ ഇത്ര കുറവു വരാൻ കാരണം? ഇനി സുമാർ മൂന്നുലക്ഷത്തോളം ഏക്കർ വിതരണം ചെയ്യുന്നതിനുവേണ്ടിയുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ നടപടി ത്വരിതപ്പെടുത്താൻ വല്ല നടപടികളും ഗവണ്മെൻറിൽനിന്നും എടുത്തിട്ടുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ: 1963–64–ൽ കുറച്ചുഭൂമി മാത്രമേ പതിച്ചുകൊടുത്തിട്ടുള്ളുവെന്നു ഗവണ്മെൻറിൽനിന്നും സമ്മതിക്കുന്നുണ്ട്. നിലവിലുള്ള ലാൻഡ് അസൈൻമെൻറു റൂളുകളും അനുസരിച്ചാണ് പതിച്ചുകൊടുത്തുകൊണ്ടിരുന്നത്. ആ റൂളുകളും പുനഃപരിശോധന ചെയ്യേണ്ടതുണ്ടെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ ഉടൻ പുതിയ ആ റൂളുകളും പ്രസിദ്ധപ്പെടുത്തുന്നതുവരെ തൽക്കാലം ഭൂവിതരണം നിറുത്തിവച്ചിരിക്കുകയാണ്. പുതിയ റൂളുകൾ ഉടനെ നടപ്പിൽ വരുന്നതാണ്. അപ്പോൾ ഇതുവരെയുള്ള അപേക്ഷകളും ഇനിയുള്ള അപേക്ഷകളും പരിഗണിച്ച് തീരുമാനിക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പത്തു നാല്പതു വർഷമായി കൈവശം വെച്ചു അനുഭവിച്ചുകൊണ്ട് അവിടെ താമസിച്ചിരുന്ന ഹരിജനങ്ങളുടെ വകവൃക്ഷങ്ങൾ ഇലക്ട്രിസിറ്റി ലൈൻ വലിച്ചതിൻെറ ഫലമായി മുറിക്കപ്പെട്ടു. അതിനുള്ള പ്രതിഫലം ഹരിജനങ്ങൾക്ക് കിട്ടാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. ടി എ. തൊമ്മൻ : ഭേഹണ്ഡങ്ങൾ ആരുടേതാണെന്നുള്ളതാണ് പ്രശ്നം. കൂടിയേറക്കാരുടേതാണെങ്കിൽ പ്രതിഫലം അവർക്ക് കൊടുക്കുന്നതാണ്. അല്ലാ ആ മരങ്ങളെല്ലാം സർക്കാരിൻെറതാണെങ്കിൽ അവയുടെ പ്രതിഫലം അവർക്ക് കൊടുക്കുകയില്ല. ഈ മുറിക്കപ്പെട്ട വൃക്ഷങ്ങളെല്ലാംതന്നെ നേരത്തെ അവിടെ ഉണ്ടായിരുന്നതാണെന്നാണ് തഹസീൽദാരിൽനിന്നും കിട്ടിയ സർട്ടിഫിക്കറിൽ കാണുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഭൂമി പതിച്ചുകൊടുക്കുമ്പോൾ ഹരിജനങ്ങൾക്ക് 25 ശതമാനം കൊടുക്കണമെന്നുണ്ട്. എന്നാൽ ഇപ്പോൾ അവർക്ക് 25 ശതമാനം കിട്ടിയിട്ടില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് അവർക്ക് 25 ശതമാനം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ : ഹരിജനങ്ങൾക്കല്ല, മാറാക്കുംതന്നെ പുതിയ റൂളുകൾ പ്രാബല്യത്തിൽ വരുന്നതുവരെ ഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ് : കുത്തകപ്പാട്ടമായിട്ട കൊടുത്തിട്ടുള്ള ഭൂമികളിൽ ഈ പറഞ്ഞിട്ടുള്ള ഭേഹണ്ഡങ്ങൾക്ക് നഷ്ടപരിഹാരം കിട്ടാതിരിക്കുന്നുണ്ട്. ഗവണ്മെൻറു പുതിയതായി കൊണ്ടുവരുന്ന ലാൻഡ് അസൈൻമെൻറു റൂൾസിൽ ഇവക്കുംകൂടി ഭേഹണ്ഡങ്ങളുടെ വില കൊടുക്കുന്നതിനെപ്പറ്റി വ്യവസ്ഥ ചെയ്യുമോ ?

ശ്രീ. ടി. എ. തൊമ്മൻ : ആ റൂൾസ് പബ്ലിഷ് ചെയ്യുന്നതിനുമുമ്പു അവയിലെ വിവരങ്ങൾ പറയുന്നതു ശരിയല്ല.

ശ്രീ. ടി. ഒ. ബാവാ : കയ്യേറക്കാരെ ഒഴിപ്പിക്കുമ്പോൾ അവരുടെ പുരക്ക് ചെറിയ വിലകൊടുക്കുകയും, മാറിതാമസിക്കാനുള്ള അവസരം കൊടുക്കുകയും ചെയ്യുന്നുണ്ട്. അതോടുകൂടി അവർ വെച്ചുപിടിപ്പിച്ചിട്ടുള്ള ഭേഹണ്ഡങ്ങൾക്കുകൂടി നിസാരമായ ഒരു വിലകൊടുക്കാൻ കരുണയുണ്ടാകുമോ ?

ശ്രീ. ടി. എ. തൊമ്മൻ : ആ കാര്യം പ്രത്യേകം പരിശോധിക്കാതെ ഇപ്പോൾ ഉത്തരം പറയാൻ നിവർത്തിയില്ല.

APPENDIX I

[*Please see answer to unstarred question* 891 (4)]

District-Wise Details

	Acres	*Cents*	*Sq. Links.*
Trivandrum	200	95	085
Quilon	440	30	..
Alleppey	33	40	417
Kottayam	1761	60	894
Ernakulam	176	69	368
Trichur	45	20	..
Palghat	7	20	..
Kozhikode	25	27	..
Cannanore	352	06	..
Total	3042	68	764

LIBRARY ARCHIVES Kerala Legislative Assembly